(ഇ) സെല്ലാർ ഫ്ളോറിന്റെ താഴെയുള്ള ഊറ്റും വെള്ളത്തിന്റെ മർദ്ദവും കണക്കിലെടുത്തപ്പോൾ സെല്ലാർ ഫ്ളോറും, ചുമരുകളും വാട്ടർപ്രൂ ഫിംഗ് ചെയ്യേണ്ടത് അനിവാര്യമാണെന്ന് കണ്ടു. ഇതിന്റെ ചെലവ് 23 ലക്ഷം രൂപയാണ്.

(എഫ്) ഉപയോഗയോഗ്യമാണ്.

107 (2485) ഫ്ളാറ്റ് നിർമ്മാണത്തിന് ഏറ്റെടുത്ത സ്ഥലം

ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വീടുകളോ ഫ്ളാറ്റുകളോ നിർമ്മിക്കുവാൻ എത്ര സ്ഥലം എടുത്തിട്ടുണ്ടോ;

(ബി) അവിടെ വീടുകളും ഫ്ളാറ്റുകളും നിർമ്മിക്കുന്നതിനുള്ള ഇപ്പോ ഴത്തെ അവസ്ഥയെന്ത്;

(സി) മലങ്കര എസ്റ്റേറ്റിനടുത്ത് മലങ്കര സഭയുടെ വക 100 ഏക്കർ സ്ഥലം ഹൗസിംഗ് ബോർഡ് അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കുവാൻ ഏറ്റെടു ത്തിട്ടുണ്ടോ:

(ഡി) ഈ സ്ഥലത്തിന്റെ വില എത്രയാണ്;

(ഇ) അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണം ഹൗസിംഗ് ബോർഡിന്റെ പ്രവർത്തന പരിധിയിൽ വരുമോ:

(എഫ്) എങ്കിൽ അത് സംബന്ധിച്ച നിയമ വ്യവസ്ഥ എന്തെന്ന് അറിയി ക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പൊതു ഭവന നിർമ്മാണ പദ്ധതി, വാടക വീട് പദ്ധതി, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി എന്നിവയ്ക്കുവേണ്ടി, ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ മുട്ടം വില്ലേ ജിൽ 5 ഏക്കർ സ്ഥലവും പീരുമേട് വില്ലേജിൽ 5.15 ഏക്കർ സ്ഥലവും എറ ണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കാക്കനാട് വില്ലേജിൽ 25 സെന്റ് സ്ഥലവും, പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പാലക്കാട് വില്ലേജിൽ 50 സെന്റ് സ്ഥലവും, കാസർകോട് ജില്ലയിൽ കാസർകോട് താലൂ ക്കിൽ മാവൂർവില്ലേജിൽ 1 ഏക്കർ സ്ഥലവും ഏറ്റെടുത്തിട്ടുണ്ട്.

(ബി) മുട്ടത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണി പുരോഗമിച്ചു വരുന്നു. കാക്കനാട് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണി ആരംഭി ക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു. മറ്റിടങ്ങളിൽ പദ്ധതിയ്ക്കുവേണ്ടി യുള്ള പ്ലാനുകൾ തയ്യാറായിക്കൊണ്ടിരിക്കുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ)&(എഫ്) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആക്ടിലെ സെക്ഷൻ 4 ഉപവകുപ്പ് (1), (2) എന്നിവ പ്രകാരമാണ് മുട്ടം അമ്യൂസ്മെന്റ് പാർക്ക് ഉൾപ്പെടുത്തിയിരിക്കുന്നത്.

108 (2486) ഭവന നിർമ്മാണ ബോർഡിന്റെ കടം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റെടുക്കുംപോൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കടം എത്രയായിരുന്നു;

(ബി) ഇപ്പോൾ ഭവന നിർമ്മാണ ബോർഡിന്റെ കടം എത്രയാണ്;

(സി) ഈ ബോർഡിന്റെ കടം ഇത്രയധികം വർദ്ധിക്കുന്നതിനുള്ള കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരം ഏറ്റെടുക്കുംപോൾ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കടം താഴെക്കൊടുത്തിരിക്കുന്നു.

സംസ്ഥാന സർക്കാരിന്	-	2463.92	ലക്ഷം
ഹഡ്കോയ്ക്ക്	-	31118.02	ലക്ഷം
എച്ച്.ഡി.എഫ്.സി	-	1258.51	ലക്ഷം
ബാങ്കുകൾക്ക്	-	904.27	ലക്ഷം
ഡിബഞ്ചർ	-	2816.00	ലക്ഷം
ആകെ		38560.72	ലക്ഷം രൂപ

(ബി) 30.6.1999 ലെ കണക്കുപ്രകാരം ഭവന നിർമ്മാണ ബോർഡിന്റെ കടം താഴെ കൊടുക്കുന്നു.

സംസ്ഥാന സർക്കാരിന്	-	2913.92	ലക്ഷം
ഹഡ്കോ	-	75822.70	ലക്ഷം
എച്ച്.ഡി.എഫ്.സി	-	1314.04	ലക്ഷം
ബാങ്കുകൾക്ക്	-	1276.43	ലക്ഷം
ഡിബഞ്ചർ	-	2071.00	ലക്ഷം
ആകെ	-	83398.09	ലക്ഷം

(സി) കൂടുതൽ വായ്പകളെടുത്തതിന്റെ ഫലമായി ബോർഡിന്റെ പ്രവർത്തനം വളരെ കൂടുതൽ വ്യാപിപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും ദുർബല വിഭാഗക്കാരുടെ ഭവനനിർമ്മാണത്തിനായി ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം മുൻപു നടന്നതിന്റെ അനേകമിരട്ടി പ്രവർത്തനം നടത്തി വരികയാണ്.

109 (2487) മൈത്രി ഭവന പദ്ധതി

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. എം. മുരളി :

LIBRARY ARCHIVES Kerala Legislative Assembly